LIBRARY ARCHIVES Kerala Legislative Assembly

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി

262 (1687) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്; വിശദാംശം നൽകാമോ ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിലെ മറയൂർ പഞ്ചായത്തിലെ സെന്റർ നമ്പർ 11 മാളുത്ത് പറമ്പ്, സെന്റർ നമ്പർ 20 തോരക്കാട് എന്നീ അംഗൻവാടികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്.

(ബി) സെന്റർ നമ്പർ 11 മാങ്കുത്ത് പറമ്പ്, സെന്റർ നമ്പർ 20 തോരക്കാട് എന്നീ അംഗനവാടികളുടെ പണി റൂഫ് ലെവൽ കഴിഞ്ഞു. വാതിൽ, കട്ടിള, ജനൽ എന്നിവ വച്ചു. പ്ലാസ്റ്ററിംഗ് നടക്കുന്നു.

നിർദ്ധന പെൺകുട്ടികളുടെ വിവാഹ ധനസഹായം

263 (1688) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധന പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി മലബാർ ഗോൾഡും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നൽകുന്ന തുക ഇപ്പോഴും നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇത് മറ്റേതെങ്കിലും സ്ഥാപനങ്ങളുമായി ചേർന്ന് പരിഷ്കരിച്ച് നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; ഈ നടപടികൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു കഴിഞ്ഞതിനാൽ ഇപ്പോൾ തുക അനുവദിക്കുന്നില്ല. ആലപ്പുഴയിലെ ലെജിനത്തുൽ മുഹമ്മദീയ എന്ന സ്ഥാപനവുമായി ചേർന്ന് വിവാഹ ധനസഹായവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കിയിരുന്ന പ്രത്യാശ വിവാഹ ധനസഹായ പദ്ധതിയിൽ 22 വയസ്സ് പൂർത്തിയായ 60,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് വിവാഹത്തിനുമുമ്പ് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. നിത്യ രോഗികളായവർ, അംഗപരിമിതർ, സ്ത്രീകൾ മാത്രമുള്ള കുടുംബം എന്നീ കുടുംബങ്ങളിലെ അപേക്ഷകൾക്ക് മുൻഗണന ലഭിക്കത്തക്ക വിധത്തിലാണ് ധനസഹായം അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രത്യാശ പദ്ധതി

264 (1689) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിലുള്ള പ്രത്യാശ പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ലഭ്യമായ അപേക്ഷകൾ പ്രകാരം എത്ര യുക അനുവദിച്ചെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ശേഷിക്കുന്ന അപേക്ഷകളിൽ എന്ന് തീർപ്പ് കൽപ്പിക്കാനാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 4800 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷകളിൽ നിന്നും 2000 പേർക്കായി 5 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

ക്രമ നമ്പർ	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച യുക
1	തിരുവനന്തപുരം	254	63,50,000
2	കൊല്ലം	49	12,25,000
3	പത്തനംതിട്ട	42	10,50,000

LIBRARY ARCHIVES Kerala Legislative Assembly